**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2045** **14-10-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം തുറമുഖത്ത് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോലീസ് ഉദ്യോഗസ്ഥരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്തെ എമിഗ്രേഷൻ പ്രവർത്തനങ്ങൾക്കായി പോലീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ തുറമുഖത്ത് നിയമിക്കുന്നതിനും തുറമുഖത്തിന്റെ സുരക്ഷയ്ക്കായി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിൽ നിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടി എപ്രകാരമാണ് പുരോഗമിക്കുന്നത്; ഇക്കാര്യത്തിൽ വലിയ കാലതാമസം നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | ബ്യൂറോ ഓഫ് ഇമിഗ്രേഷനിലേയ്ക്ക് (കൊല്ലം തുറമുഖം) അന്യത്ര സേവനനിയമനത്തിന് സന്നദ്ധത അറിയിച്ച 43 പോലീസ് ഉദ്യോഗസ്ഥരുടെ അപേക്ഷകളും ബന്ധപ്പെട്ട രേഖകളും 30.11.2022-ലെ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി ഡയറക്ടർ (ഇമിഗ്രേഷൻ ) -ക്ക് അയച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷനുള്ള അപേക്ഷകരുടെ അനുയോജ്യത വിലയിരുത്തി ബ്യൂറോ ഓഫ് ഇമിഗ്രേഷൻ തെരഞ്ഞെടുക്കപ്പെട്ടവരുടെ പാനൽ സംസ്ഥാന പോലീസ് മേധാവി മുഖേന ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ